**<u>രാജ്യവ്യാപകമായി പാസ്പോർട് സേവ ക്യാമ്പ് പരിപാടി തുടങ്ങുവാൻ കേന്ദ്ര വിദേശകാര്യ വകുപ്പ് ഒരുങ്ങുന്നു</u>**

ഒക്ടോബർ 17, 2014

ഒക്ടോബർ 18 , 2014 മുതല് രാജ്യവ്യാപകമായി പാസ്പോർട് സേവ ക്യാമ്പ് പദ്ധതിക്ക് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് അനുമതി നൽകി. പാസ്പോർട് സേവാ കേന്ദ്രങ്ങളില് നിന്നും ദൂരെ താമസിക്കുന്ന ജനങ്ങൾക്ക് പാസ്പോർട്ട് സേവനങ്ങള് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി .പൌര കേന്ദ്രീകൃതമായ നടപടികളുടെ ഭാഗമായി പൊതു സേവനങ്ങൾ വീടുകൾക്കരികിലേക്ക് എത്തിക്കുന്നതിനുള്ള മന്ത്രാലയത്തിന്റെ പ്രവർത്തനം ആണിത് .

ഇന്ത്യയിലെ പാസ്പോർട് സേവന ശൃംഖല കേന്ദ്ര വിദേശകാര്യ മന്ത്രാലയം ആസ്ഥാനം (

സിപിവി വിഭാഗം ), ആൻഡമാന് നിക്കോബാർ ദ്വീപ് ഭരണസമിതി എന്നിവ ഉൾപ്പെടെ ഇന്ന് ഏകദേശം 37 പാസ്പോർട് ഓഫീസുകൾ ഉണ്ട്. ഈ ശ്രുംഖല, പാസ്പോർട് ഓഫീസുകളുടെ നീട്ടിയ കൈകളായ പ്രവർത്തനക്ഷമമായ 77 പാസ്പോർട് സേവ കേന്ദ്രങ്ങള് കൊണ്ട് വ്യാപിപ്പിച്ചിട്ടുണ്ട് . വിദേശത്തു ജീവിക്കുന്ന ഇന്ത്യക്കാർക്ക് വേണ്ടി , പാസ്പോർട്ടും അതുമായി ബന്ധപ്പെട്ട രേഖകളും 183 ഇന്ത്യൻ ദൌത്യകാര്യാലയങ്ങളും തസ്തികകളും ആണ് നൽകുന്നത് .

പുതിയ ആധുനിക സംവിധാനത്തിൽ , പൌരൻമാര് ഓണ് ലൈന് വഴി അപേക്ഷകൾ പൂരിപ്പിച്ചു നല്കുക , പണം അടക്കുക, ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ചക്കു തീയതികൾ ലഭ്യമാക്കുക, എന്നിവയ്ക്കു അവരുമായി ബന്ധപ്പെട്ട പാസ്പോർട്ടു സേവകേന്ദ്രങ്ങള് സന്ദർശിക്കുകയും , സ്വന്തം ഫോട്ടോകൾ, പാസ്പോർട് അപേക്ഷയില് പറയുന്നതിന് അനുസരിച്ചുള്ള സ്ഥിതിവിവരങ്ങൾ എന്നിവ നല്കുകയും ചെയ്യണം . പാസ്പോർട്ട്

അപേക്ഷകൾ സ്വീകരിക്കുന്നതിന് ക്യാമ്പുകളിലെ പ്രക്രിയയും പാസ്‌പോർട് സേവ കേന്ദ്രങ്ങളിലെ രീതി തന്നെ മാതൃകയാക്കി കൊണ്ടായിരിക്കും . അവശ്യകാര്യമായതിനാൽ അപേക്ഷകര് അവരുടെ കൈവശം രണ്ടു ഫോട്ടോകൾ ( ചിത്രത്തിന്റെ പിൻഭാഗം കടുപ്പം കുറഞ്ഞ) വയ്ക്കുന്നത് നന്നായിരിക്കും. ക്യാമ്പിലുള്ള നിയുക്ത ഉദ്യോഗസ്ഥർ രേഖകള് പരിശോധിക്കുകയും അപേക്ഷകരെ ലളിതമായ രീതിയിൽ അപേക്ഷ തയാറാക്കുവാൻ സഹായിക്കുകയും ചെയ്യും. www.passport.gov.inഎന്ന പാസ്‌പോർട്ട് പോർട്ടലില് ഇതുമായി ബന്ധപ്പെട്ട കൂടുതല് വിവരങ്ങൾ ലഭ്യമാണ് .

ഒക്‌ടോബർ മാസത്തില് പാസ്‌പോർട് സേവ ക്യാമ്പുകൾ ആഗ്ര, അലഹാബാദ്, കുഡലോർ , ദാമൻ, ഇൻഡോര് , ജംഷെഡ്പൂർ , കർവാര് , കരിംനഗർ , ലക്ഷദ്വീപ് , സിലിഗുരി, വാറംഗൽ എന്നീ സ്ഥലങ്ങളില് ആണ് ആസൂത്രണം ചെയ്തിട്ടുള്ളത് . പൊതു ജനങ്ങളുടെ പ്രതികരണത്തെ

അടിസ്ഥാനപ്പെടുത്തി , കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഇനി വരുന്ന മാസങ്ങളിൽ രാജ്യത്തു അങ്ങോളമിങ്ങോളം ആനുകാലികമായി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നുണ്ട്

ന്യൂഡെൽഹി
ഒക്ടോബർ 17, 2014